III ശ്രദ്ധക്ഷണിക്കൽ

(1) കയർ മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി

ഡോ. തോമസ് ഐസക്: സർ, ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് നോട്ടീസ് നൽകിയതിനു ശേഷമാണ് സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ കയർ മേഖലയിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് തൊഴിലാളികൾക്ക് വലിയ ആശങ്ക ഉണ്ടായിട്ടുള്ളതിനാൽ ആ പ്രഖ്യാപനങ്ങളിൽ പ്രതിഷേധിച്ചു കൊണ്ട് ഇന്ന് നിയമസഭയുടെ മുന്നിൽ മാർച്ച് നടക്കുകയാണ്. ബഹുമാനപ്പട്ട കയർ വകുപ്പുമന്ത്രി ഈ വിഷയത്തെക്കുറിച്ചുകൂടി വിശദമായി മറുപടിയിൽ പ്രതിപാദിക്കുമെന്ന് ഞാൻ കരുതുകയാണ്. ഈ നിയമസഭയിൽ എല്ലാ സമ്മേളനങ്ങളിലും ഞങ്ങളുടെ ഒരാൾ കയർ മേഖലയിലെ തൊഴിലാളികളുടെ ദു:സ്ഥിതിയെക്കുറിച്ച് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴൊക്കെ വകുപ്പുമന്ത്രിയുടെ പ്രതികരണം, ഈ വ്യവസായം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. അതിന് തെളിവായിട്ട് വയ്ക്കുന്നത് കയറ്റുമതിയുടെ കണക്കുകളുമാണ്. ഇതാണ് ഇന്നത്തെ ഏറ്റവും വലിയ വിരോധാഭാസം. കയറ്റുമതി സർവ്വകാല റിക്കോർഡിലേയ്ക്ക് ഉയർന്നുകൊണ്ടിരിക്കുന്ന കാലയളവിൽ കയർത്തൊഴിലാളികൾക്ക് മിനിമം കൂലിയുടെ പകുതി പോലും കിട്ടുന്നില്ല. ഏറ്റവും സംഘടിതമായ കയർപിരിയുള്ള തിരുവനന്തപുരം ജില്ലയിൽ 128 രൂപയോളം മിനിമം കൂലിയുള്ളപ്പോൾ കയർത്തൊഴിലാളികൾക്ക് കിട്ടുന്നത് 65 രൂപയാണ്. ഇപ്പോൾ ആവശ്യക്കാരില്ലാതെ ഡിമാന്റ് കുറഞ്ഞതുകൊണ്ട് ആ വില തന്നെ കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇത്തരത്തിലുള്ള സ്ഥിതിവിശേഷം ഈ വ്യവസായത്തിൽ വരുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം മിനിമം കൂലിയുടെ അടിസ്ഥാന റഫറൻസായിരുന്ന കയർ സഹകരണ സംഘങ്ങളെ നശിപ്പിച്ചതാണ്. കയർപിരി മേഖലയിൽ പണിയെടുക്കുന്ന മൂന്നിലൊന്ന് തൊഴിലാളികൾക്ക് അംഗീകൃത കൂലിയും മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ ഈ സംഘങ്ങളുടെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കാതെ വെറും സ്വകാര്യ കണക്കെഴുത്തിലെ ലാഭ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ ഇതൊക്കെ നഷ്ടമാണെന്നു പറഞ്ഞ് നൽകേണ്ട എല്ലാ ധനസഹായങ്ങളും കഴിഞ്ഞ 5 വർഷമായി നിറുത്തലാക്കിയതിന്റെ ഫലമായി കയർ മേഖലയിൽ 800-ഓളം സഹകരണ സംഘങ്ങൾ ഉള്ളതിൽ 400-ഓളം അടഞ്ഞുകിടക്കുകയാണ്. ബാക്കിയുള്ള 400-ഓളം തൊഴിലാളി സഹകരണ സംഘങ്ങൾ ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളാക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. കയറിന്റെ ചരിത്രം പഠിച്ചാൽ കയർ സഹകരണ പ്രസ്ഥാനം ഉൽപ്പാദകരുടെ സംഘമായിട്ടാണ് തുടങ്ങിയത് എന്നു മനസ്സിലാകും. 1957-ലെ സംഘങ്ങളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച തെയ്യുണ്ണി മേനോൻ കമ്മിഷൻ വൻകിട ഉൽപ്പാദകർ സംഘങ്ങളെ നിയന്ത്രിച്ച് മിനിമം കൂലി നടപ്പാക്കുന്നതിന് തടസ്സം നിൽക്കുകയാണെന്ന് ചൂണ്ടിക്കാണിച്ചു. 1960-ലെ കുഞ്ഞിരാമൻ മിനിമം വേജസ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിഷനും ഇതുതന്നെ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി ടി.വി.തോമസ്സിന്റെ നേതൃത്വത്തിൽ കയർ വ്യവസായ പുന:സംഘടന കൊണ്ടുവന്ന് ഉൽപ്പാദക സംഘങ്ങളെ തൊഴിലാളി സഹകരണ സംഘങ്ങളാക്കി. ഇന്നിപ്പോൾ 1957-ൽ ഉൽപ്പാദക സംഘങ്ങൾ നിലനിന്നിരുന്ന സ്ഥിതിയിലേയ്ക്ക് സഹകരണ മേഖലയെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി ഇപ്പോൾ ശ്രമിക്കുന്നത് തൊഴിലാളികളിൽ വലിയ ആശങ്ക ഉയർത്തിയിരിക്കുകയാണ്. ഇത് കയർപിരി മേഖലയിൽ മാത്രമല്ല ഫാക്ടറി മേഖലയിലും ഉണ്ട്. ഈ സർക്കാർ വന്നതിനു ശേഷം എല്ലാ വർഷവും ഫാക്ടറി മേഖലയിൽ ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും സമരത്തിലാണ്. ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും സമരം ചെയ്തതിന്റെ ഫലമായി ഞങ്ങൾ ചില ഒത്തുതീർപ്പുകളിൽ എത്താറുണ്ട്. കഴിഞ്ഞ സമരത്തിൽ ചെയ്ത ഒത്തുതീർപ്പുപ്രകാരം കയർ ബോർഡ് പർച്ചേസ് പ്രൈസ് നിറുത്തലാക്കിയെങ്കിലും ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും സമരം ചെയ്ത് പർച്ചേസ് പ്രൈസ് അംഗീകരിപ്പിച്ചു. എന്നാൽ ഇന്ന് പർപ്പടകത്തടുക്കിനൊഴികെ ബാക്കിയെല്ലാ തടുക്കുകൾക്കും 10 മുതൽ 30 ശതമാനം വരെ വില വെട്ടിക്കുറച്ചിരിക്കുകയാണ്. ചകിരിത്തടുക്കിന് ഏതാണ്ട് 40 ശതമാനത്തിൽ താഴ്ന്ന വിലയാണ്. ഡിപ്പോ വഴി ഓർഡർ നൽകില്ലെന്നുള്ളതാണ് മറ്റൊരു വ്യവസ്ഥ. എന്നാൽ ഇപ്പോൾ 80 ശതമാനം ഓർഡറും ഡിപ്പോ വഴിയാണ് കയറ്റുമതിക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്. മൂന്നാമത്തെ തീരുമാനം തൊഴിൽ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കയർ മേഖലയിൽ നാരുകൾ ഉപയോഗിച്ചുള്ള പുതിയ ഇനങ്ങൾ വരുന്നതിന് മിനിമം കൂലി നിശ്ചയിക്കുമെന്നു പറഞ്ഞെങ്കിലും ആ തീരുമാനങ്ങൾ ഉണ്ടായിട്ടില്ല. സ്ഥിരം തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് അവരെക്കൊണ്ടുതന്നെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലിയെടുപ്പിക്കുകയാണ് ചെയ്യുന്നത്. താത്ക്കാലിക തൊഴിലാളികൾക്ക് ഐ.ആർ.സി. (Industrial Relations Committe) പ്രകാരം നിശ്ചയിച്ച കൂലി നൽകുമെന്നു പറഞ്ഞ് സ്ഥിരം തൊഴിലാളികളെ കോൺട്രാക്ട് വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ട്, ഞങ്ങൾക്ക് ബാദ്ധ്യതയില്ല എന്നുള്ള നിലപാട് മുതലാളിമാർ എടുത്തുകൊണ്ടിരിക്കുകയാണ്. ഇതാണ് ഈ അഞ്ചുവർഷത്തെ അനുഭവം. ഇങ്ങനെ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പ് ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ അത് നടപ്പാക്കുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കാതെ ഒഴിഞ്ഞുമാറിയതിന്റെ ഫലമായി എടുക്കുന്ന തീരുമാനങ്ങൾ എല്ലാവർഷവും മുതലാളിമാർ ലംഘിക്കുകയും, തൊഴിലാളികൾ വീണ്ടും സമരത്തിന് പോകാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. വീണ്ടും തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ വേളയിൽപ്പോലും ആലപ്പുഴയിൽ ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും വീണ്ടും സമരത്തിന് നിർബന്ധിതരായിത്തീരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ സഹകരണമേഖല നേരിടുന്ന പ്രതിസന്ധിയിലേയ്ക്കും ഫാക്ടറി മേഖലയിലെ ദു:സ്ഥിതിയിലേയ്ക്കും ക്ഷണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി: (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, വകുപ്പുമന്ത്രി പറയേണ്ട ഉത്തരമാണിത്. ഡിപ്പോയുടെ കാര്യം തൊഴിൽ വകുപ്പു മന്ത്രി പറയും

മി. സ്പീക്കർ: രണ്ടുപേർക്കും ചുരുക്കമായിട്ട് പറയാം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കയർ ഫാക്ടറി മേഖലയിൽ സർക്കാരും ബന്ധപ്പെട്ട യൂണിയനുകളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കയറ്റുമതിക്കാർ ഡിപ്പോവഴി കയർ കൊടുത്തുകൊണ്ടിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. ഡിപ്പോയുടെ മാത്രമാണ് ചോദ്യം, അതുകൊണ്ടാണ് തൊഴിൽ വകുപ്പുമന്ത്രിക്ക് കൊടുത്തത്. അദ്ദേഹമാണ് എഗ്രിമെന്റ് ഉണ്ടാക്കിയത്. അത് നടപ്പിലാക്കിയ സമയത്തെ കൺവീനർ ഡോ. തോമസ് ഐസക്കും പ്രസിഡന്റ് ശ്രീ. വി. എം. സുധീരനുമാണ്. അവർ സ്വന്തമായി നടപ്പിലാക്കിയതാണ്. ഡിപ്പോ നിർത്തിയപ്പോൾ ഡോ. തോമസ് ഐസക് ഡിപ്പോ തുടങ്ങി. അതു കഴിഞ്ഞതിനുശേഷം ആളുകളുടെ എതിർപ്പുവന്നപ്പോൾ അദ്ദേഹം ആ ഡിപ്പോ പഞ്ചായത്തിന് കൊടുത്തു; ഇതാണുണ്ടായത്. ഡിപ്പോയുടേതായിട്ടുള്ള പ്രവർത്തനം അദ്ദേഹം ഇല്ലാതാക്കി. ഞാൻ മനസ്സിലാക്കിയത് .....(ബഹളം) (.....) ഒരു തെരഞ്ഞെടുപ്പ് വരുന്നു എന്നുപറഞ്ഞുകൊണ്ട് കാണിക്കുന്നതാണ് ഇതെല്ലാം എന്നാണ്. അല്ലാതെ യഥാർത്ഥമായിട്ടല്ല. 807 സൊസൈറ്റികൾ ഉണ്ടായിരുന്നതിൽ 400-ഓളം സൊസൈറ്റികൾ ലിക്വിഡേറ്റ് ചെയ്യാനുള്ള നടപടികൾ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ എടുത്തിരുന്നു. ആ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ഓരോ സൊസൈറ്റിക്കും ഗവൺമെന്റിന്റെ കയ്യിൽ കിട്ടുന്ന പണം ആനുപാതികമായിട്ട് കൊടുക്കുന്നുണ്ട്. കൊടുക്കാതിരിക്കുന്നില്ല. അതേ സമയം മറ്റ് ലിക്വിഡേറ്റ് ചെയ്ത സൊസൈറ്റികളിൽ ഉണ്ടായിരുന്ന തൊഴിലാളികളെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പായി സംഘടിപ്പിച്ച് അവർക്ക് റാട്ടും അനുബന്ധ സാധനങ്ങളും നൽകുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്..... (ബഹളം)..... (ബഹളം).....(ബഹളം)

ശ്രീ. എം. വി. ജയരാജൻ: കയറിനും കയർ ഉല്പന്നങ്ങൾക്കും വില കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾ സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് വന്നുകഴിഞ്ഞതിനുശേഷം കയറിന്റെ പ്രൊഡക്ഷൻ കൂടിയിട്ടുണ്ട്. കൂടിയതുകൊണ്ട് കയർ എടുക്കാതെയുണ്ട്. കയറിന്റെ പ്രൊഡക്ഷനാണ് കൂടിയത്. കയർ ഫാക്ടറിയുടെ ഉൽപ്പന്നങ്ങളല്ല. കയർ എടുക്കാതെയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് രണ്ടു കോടി രൂപ അലോട്ടുചെയ്തുകൊണ്ട് കയർ സംഭരിച്ചുവയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു കാരണവശാലും കയർത്തൊഴിലാളികളെ മുതലാളിമാരുടേയോ

LIBRARY ARCHIVES Kerala Legislative Assembly

ഷിപ്പേഴ്സിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയക്കാരുടേയോ കൈയിലിട്ട് കളിക്കാൻ കൊടുക്കുകയില്ല. അതുകൊണ്ട് ഗവൺമെന്റ് ഉറപ്പുപറയുകയാണ്; അവരുടെ ആവശ്യം നോക്കും. ആവശ്യമായിട്ടുള്ള നടപടികളെടുക്കും. എഗ്രിമെന്റ് ഉണ്ടാക്കിക്കഴിഞ്ഞ് അത് നടപ്പിലാക്കാൻ ഏറ്റിട്ട് അത് വ്യതിചലിച്ചുപോയാലുള്ള അബദ്ധമാണ് ഇന്ന് ഡിപ്പോയിൽ വന്നിരിക്കുന്നത്. ഇന്ന് ഗവൺമെന്റ് കൺസോർഷ്യം ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് നിങ്ങൾ സഹായിക്കുക. ഒരു രാഷ്ട്രീയവുമില്ലാതെ ഒരു പഞ്ചായത്തിലുള്ള മുഴുവൻ ചെറുകിട വ്യവസായികളേയും സംഘടിപ്പിച്ച്, അവർക്ക് ആവശ്യമായിട്ടുള്ള പണം ബാങ്കിൽ നിന്ന് കൊടുത്ത്, അവരെ സെൽഫായി നിറുത്തിക്കൊണ്ട്, അവരുടെ ഉൽപ്പന്നങ്ങൾ അവർതന്നെ പറയുന്നവർ വന്ന് വാങ്ങിക്കത്തക്ക വിധത്തിലുള്ള നടപടിയെടുക്കാൻ കൺസോർഷ്യം ഉണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് യാതൊരു വിധത്തിലും ഒരു തൊഴിലാളിയും ഒരു വിധത്തിലും മറ്റുള്ളവർക്ക് വിധേയമാകില്ല എന്ന് ഉറപ്പുപറയുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട തോമസ് ഐസക്കിനു തന്നെ അറിയാം കയർ മേഖല ഇന്ന് വളരെ സ്ട്രക്ച്ചറൽ ചെയിഞ്ചസിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് എന്ന്. അത് എല്ലാപേരും അംഗീകരിക്കേണ്ട കാര്യമാണ്. 100 ശതമാനവും കയർ പിരിച്ചുകൊണ്ടിരുന്ന ഫാക്ടറികൾ ഇന്ന് എത്ര ശതമാനമാണ് കയർ ഉപയോഗിക്കുന്നതെന്ന് അറിയാമല്ലോ. ഒരുപാട് മാറ്റങ്ങൾ ആ രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. ആ സ്ട്രക്ച്ചറൽ ചെയിഞ്ചസ് വന്നതിന്റെ കുറെ പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. അങ്ങ് പറഞ്ഞ ഡിപ്പോ സംവിധാനം തന്നെ വന്നു. അന്ന് ഒരു നീണ്ട സമരത്തിന്റെ ഫലമായി ഞങ്ങളെല്ലാപേരും കൂടി വിളിച്ചുചേർത്ത യോഗത്തിൽ വച്ച് ഡിപ്പോ സംവിധാനം നിറുത്തലാക്കണമെന്ന് സമ്മതിച്ചു. പക്ഷെ കഴിഞ്ഞ കുറേ കാലങ്ങളായി കയർ രംഗത്ത് വന്ന മാറ്റങ്ങളിൽ ഒരു പ്രധാനപ്പെട്ട മാറ്റമാണ് ഡിപ്പോ സംവിധാനം. അതിന് ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മളെല്ലാപേരും സഹായിച്ചിട്ടുണ്ട്. ഒരു ദിവസം രാവിലെ ഇത് നിർത്തലാക്കണ മെന്ന് പറഞ്ഞപ്പോൾ അവരെല്ലാം സമ്മതിച്ചു. കുറേ വർഷങ്ങളായി നിലനിൽക്കു ന്നതും അങ്ങനെ വളർന്നുവന്നതുമായ സിസ്റ്റം ഒരു സുപ്രഭാതത്തിൽ നിർത്തലാക്കണമെന്ന് പറയുകയും അപ്പോൾത്തന്നെ ഉണ്ടായിരുന്ന ഡിപ്പോകളുടെ പേരും ലൈസൻസും എല്ലാം നിർത്തലാക്കി. എന്നിട്ട് മറ്റ് മാർഗ്ഗങ്ങളിലൂടെ അവർ അത് പു:നസ്ഥാപിക്കാൻ ശ്രമിക്കുന്നു. അതിനെ നമ്മൾ ചെറുത്തുനിന്നേ മതിയാകൂ. പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ തന്നെ ഫാക്ടറി മേഖലയിൽ ഇപ്പോൾ മെച്ചപ്പെട്ട സാഹചര്യമുണ്ട്. എങ്കിൽത്തന്നേയും ഈ മേഖലയിൽ പ്രശ്നങ്ങളും ഉണ്ട്. ആലപ്പുഴയിലെ ഫാക്ടറി മേഖലയിൽ ഇപ്പോൾ എക്സ്പോർട്ട് മെച്ചപ്പെട്ടു. ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യവൽക്കരണം വന്നു. പുതിയ പ്രോഡക്ട്സ് അതിനകത്തുനിന്ന് വരുന്നു. എക്സ്പോർട്ട് ഓർഡർ കൂടുതൽ കിട്ടുന്നു. അതുകൊണ്ട് ഫാക്ടറികളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം നടക്കുന്നു. പക്ഷെ അതിന്റെ പ്രതിഫലനം കയർപിരി മേഖലയിൽ വന്നിട്ടില്ല. കയർപിരിയുമായി മാത്രം നിന്നിരുന്ന കയർത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നും പ്രശ്നങ്ങൾ ധാരാളമുണ്ട്. ഇപ്പോൾ കയർ മൊത്തമായി വാങ്ങാത്ത സ്ഥിതിയുള്ളതുകൊണ്ട് അത് കെട്ടിക്കിടക്കുന്ന പ്രശ്നമുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട കൃഷിയും കയറും വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് ഗവൺമെന്റ് തന്നെ കയർ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും എന്ന്. ഈ ബഡ്ജറ്റിൽത്തന്നെ സൊസൈറ്റികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറേക്കാലങ്ങളായിട്ടുള്ള സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അവയുടെ അടിസ്ഥാനപരമായിട്ടുള്ള നിലനിൽപ്പ് അപകടത്തിലാണെന്ന് മനസ്സിലാകുന്നതാണ്. സൊസൈറ്റികൾ റിബേറ്റിന്റേയും മറ്റും കാര്യങ്ങളിൽ ഫെഡറേഷനുമായിട്ടുള്ള ചില ധാരണകളുമായി മുന്നോട്ടു പോയതുകൊണ്ടാണ് അങ്ങനെ ഉണ്ടായത്. അതിന് വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ല. കിട്ടുന്ന വർക്കിംഗ് ക്യാപ്പിറ്റൽ തന്നെ പലവിധത്തിൽ ദുരുപയോഗം ചെയ്തതിന്റെ ഫലമായി സൊസൈറ്റികളുടെ പ്രവർത്തനം.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് കയർ സഹകരണസംഘങ്ങളിലെ തൊഴിലാളികളുടെ താൽപ്പര്യം ഹനിക്കത്തക്കവിധത്തിലുള്ള നീക്കവുമായിട്ടല്ലേ നിങ്ങൾ പോകുന്നത്. തൊണ്ട് സംഭരിച്ചാലല്ലേ തൊഴിലാളികൾക്ക് മര്യാദയ്ക്ക് ജോലിചെയ്ത് ജീവിക്കാൻ കഴിയുകയുള്ളൂ? അതിനുള്ള വല്ല സംരംഭവും നിങ്ങൾ ഇതിനകം നടത്തിയിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ഇപ്പോൾ സൊസൈറ്റികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി എടുത്തിട്ടുള്ള കടം മുഴുവൻ ഷെയർ ആയി മാറ്റാൻ തീരുമാനിച്ചു. എല്ലാ കയർ സൊസൈറ്റികളും എടുത്തിട്ടുള്ള ലോണും മറ്റു കടങ്ങളും ഷെയർ ആക്കി മാറ്റാൻ ഈ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ട്. അത് സൊസൈറ്റികളെ നിലനിർത്താൻവേണ്ടിയാണ്. കടത്തിൽ മുങ്ങിക്കുളിച്ചിരിക്കുന്ന സൊസൈറ്റികളെ രക്ഷപ്പെടുത്താൻവേണ്ടി മാത്രം ചെയ്ത നടപടിയാണത്. അങ്ങ് സംഭരണത്തെക്കുറിച്ച് പറഞ്ഞു, ഈ സൊസൈറ്റികളുടെ പ്രവർത്തനവും കണക്കുകളും പരിശോധിച്ചാൽ അറിയാം; കുത്തക സംഭരണം നിലനിന്ന കാലഘട്ടത്തിൽപ്പോലും ഈ സൊസൈറ്റികൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്ന്. തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുത്തു എന്നുള്ളതൊഴിച്ചാൽ ആ സൊസൈറ്റികൾ കുറേക്കൂടി ശക്തമായി നിലനിന്ന കാലംപോലും തൊഴിലാളികൾക്ക് ഗുണകരമായിരുന്നില്ല എന്ന് അന്നത്തെ സ്ഥിതി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അതിലിപ്പോൾ ഒരുപാട് സ്ട്രക്ച്ചറൽ ചെയിഞ്ചസ് അതിന്റെ ഭാഗമായിട്ട് വരുന്നു. അതിൽ ഒന്ന് ഡിപ്പോകൾ നിറുത്തലാക്കണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമാണ് അത് ഗവൺമെന്റ് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട കയർ മന്ത്രിയോട് ചോദിച്ചിട്ട് പ്രത്യേകിച്ച് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ചില ആനുകൂല്യവും ബഹുമാനവും നൽകി വന്നിട്ടുണ്ടായിരുന്നു. പക്ഷെ ഇന്ന് മന്ത്രി നൽകിയ മറുപടിയെന്താണ്? കരാർ നടപ്പിലാക്കിയതിന്റെ ഉത്തരവാദിത്വം ശ്രീ. വി. എം. സുധീരനും, ഡോ. തോമസ് ഐസക്കിനുമാണ്; അവർ ഡിപ്പോ നടത്തുകയാണ് എന്നൊക്കെയാണ്. എന്തും വിളിച്ചുപറയത്തക്ക നിലയാണോ ഉള്ളത് എന്ന് ആലോചിക്കണം. അതുകൊണ്ട് അവരോട് ചോദിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, കഴിഞ്ഞ മൂന്ന് സമരങ്ങളുടേയും തുടർച്ചയായി വന്ന ഒത്തുത്തീർപ്പുകൾ ഇപ്പോൾ ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാരണം എന്തുതന്നെ ആകട്ടെ, തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സമയത്ത് ഈ കയർ ഫാക്ടറി മേഖലയെ വീണ്ടും ഒരു സമരത്തിലേയ്ക്ക് നയിക്കാതെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന്, കയറ്റുമതിക്കാരുടേയും ചരട് ഉൽപ്പാദകരുടേയും തൊഴിലാളികളുടേയും അടിയന്തിര അനുരഞ്ജന യോഗം വിളിച്ചുചേർക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട തോമസ് ഐസക് ഈ തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ ഒരു സമരം അനിവാര്യമാണ് എന്ന് അങ്ങേയ്ക്ക് തോന്നുന്നുവെങ്കിൽ അങ്ങനെ സമരത്തിനുവേണ്ടി ഒരു സമരത്തിലേയ്ക്ക് പോകുന്നതിൽ എനിക്ക് അഭിപ്രായം പറയാനില്ല. പക്ഷെ ആ പ്രശ്നങ്ങളെ ഗവൺമെന്റ് ആത്മാർത്ഥമായി കണ്ടുകൊണ്ടാണ് വളരെ നീണ്ട ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത്. ഡിപ്പോയുടെ സംഗതിയൊഴിച്ച് ബാക്കിയെല്ലാ കാര്യങ്ങളും അവിടെ സ്മൂത്തായി നടക്കുകയാണ്. ഡിപ്പോയെ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഗവൺമെന്റ് ഇടപെടാതെ തന്നെ നിങ്ങൾക്ക് ചർച്ച ചെയ്യാവുന്നതാണ്. മുതലാളിമാരും ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും ചേരുന്ന സംവിധാനത്തിന്റെ ഒരു ചെറിയ പ്രശ്നമാണ് അവിടെയുള്ളത്. അത് അവിടെത്തന്നെ ചർച്ചചെയ്ത് പരിഹരിക്കാവുന്ന കാര്യമാണ്. അതല്ല കയർ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരുമായി ചേർന്ന് ആലോചിച്ച് അങ്ങനെയൊരു യോഗം വേണമെങ്കിൽ നമുക്ക് വിളിക്കാം.

(2) അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിലെ നിർദ്ദേശങ്ങൾ

ശ്രീ. കെ. ബാബു: സർ, കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിലേയ്ക്ക് ഗവൺമെന്റിന്റേയും സഭയുടേയും ശ്രദ്ധ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly